സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാല്യം: 59 ലക്കം: 233 2025 ജനുവരി 07 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ബസിൽ യുവതിക്കുനേരെ ലൈംഗികാതിക്രമം; മലപ്പുറം സ്വദേശി പിടിയിൽ

കോഴിക്കോട്: കർണാടക ട്രാൻസ്പോർട്ട് ബസിൽ യുവതിക്കുനേരെ ലൈംഗികാതിക്രമം. കോട്ടയം സ്വദേശിയായ പെൺകുട്ടിയാണ് അക്രമത്തിനിരയായത്. മലപ്പുറം ഈശ്വരമംഗലം സ്വദേശി മുസ്തഫ കോഴിക്കോട് പൊലീസിന്റെ പിടിയിലായി. എറണാകുളത്തുനിന്ന് കോഴിക്കോട് വഴി കർണാടകയിലെ ഹാസനിലേക്ക് പോവുകയായിരുന്ന ബസിൽ ഇന്ന് പുലർച്ചെയാണ് സംഭവം. എടപ്പാളിൽ നിന്നാണ് പ്രതി ബസിൽ കയറിയത്. ബസിൽ കയറിയപ്പോൾ മുതൽ പ്രതി പെൺകുട്ടിയെ തുടർച്ചയായി ശല്യപ്പെടുത്തിയിരുന്നു. ബസ് കോഴിക്കോട് എത്തിയപ്പോൾ പെൺകുട്ടി ബഹളം വച്ചതോടെ ബസ് നടക്കാവ് പൊലീസ് സ്റ്റേഷനിലെത്തിക്കുകയും ജീവനക്കാരും മറ്റ് യാത്രക്കാരും ചേർന്ന് ഇയാളെ പൊലീസിൽ ഏൽപ്പിക്കുകയുമായിരുന്നു. പ്രതി മുസ്തഫയ്ക്കെതിരെ പൊലീസ് ലൈംഗികാതിക്രമത്തിന് കേസെടുത്തു.

റിജിത്ത് വധക്കേസ്; 9 ആർഎസ്എസ് - ബിജെപി പ്രവർത്തകർക്ക് ജീവപര്യന്തം

കണ്ണൂർ: കണ്ണപുരത്തെ ഡിവൈഎഫ്ഐ പ്രവർത്തകൻ റിജിത്തിനെ (26) വധിച്ച കേസിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയ ഒൻപത് ആർഎസ്എസ്- ബിജെപി പ്രവർത്തകർക്ക് ജീവപര്യന്തം ശിക്ഷ. തലശ്ശേരി അഡീഷണൽ സെഷൻസ് കോടതിയുടേതാണ് വിധി.

കണ്ണപുരം ചുണ്ട സ്വദേശികളായ വയക്കോടൻ വീട്ടിൽ വി.വി.സുധാകരൻ (57), കൊത്തിലതാഴെവീട്ടിൽ ജയേഷ് (41), ചാങ്കുളത്തുപറമ്പിൽ സി.പി.രഞ്ജിത്ത് (44), പുതിയപുരയിൽ പി.പി.അജീന്ദ്രൻ (51), ഇല്ലിക്കവളപ്പിൽ ഐ.വി.അനിൽകുമാർ (52), പുതിയപുരയിൽ പി.പി.രാജേഷ് (46), വടക്കേവീട്ടിൽ ഹൗസിൽ വി.വി.ശ്രീകാന്ത് (47), സഹോദരൻ വി.വി.ശ്രീജിത്ത്(43), തെക്കേവീട്ടിൽ ഹൗസിൽ ടി. വി.ഭാസ്കരൻ (67) എന്നിവരെയാണ് കേസിൽ കുറ്റക്കാരാണെന്ന് കണ്ടെത്തിയത്.

പ്രതികൾക്ക് വധശിക്ഷയാണ് പ്രതീക്ഷിച്ചതെന്നും ഈ വിധിയിൽ ആശ്വാസമുണ്ടെന്നും റിജിത്തിന്റെ അമ്മ മാദ്ധ്യമങ്ങളോട് പറഞ്ഞു. ഒരു രാഷ്ട്രീയ പാർട്ടിയും കൊലക്കത്തി എടുക്കരുതെന്നും ഈ വിധി മറ്റുള്ളവർക്ക് പാഠമാണെന്നും അമ്മ വ്യക്തമാക്കി.

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ കൊലപാതകം (302), വധശ്രമം (307), അന്യായമായി സംഘംചേരൽ (143), സംഘം ചേർന്ന് ലഹളയുണ്ടാക്കൽ (147), തടഞ്ഞുവയ്ക്കൽ (341), ആയുധം ഉപയോഗിച്ച് പരിക്കേൽപ്പിക്കൽ (324) വകുപ്പുകൾ പ്രകാരം പ്രതികൾ കുറ്റം ചെയ്തതായി കോടതി കണ്ടെത്തി.

സി.പി.എം കണ്ണപുരം ചുണ്ട ബ്രാഞ്ചംഗമായിരുന്ന അലച്ചി ഹൗസിൽ റിജിത്തിനെ 2005 ഒക്ടോബർ മൂന്നിന് രാത്രി ഒമ്പതിനായിരുന്നു കൊലപ്പെടുത്തിയത്. ചുണ്ട തച്ചൻകണ്ടി ക്ഷേത്രത്തിനടുത്ത് നിന്ന് വീട്ടിലേക്ക് നടന്നു പോകുന്നതിനിടെ പഞ്ചായത്ത് കിണറിന് സമീപത്തു വച്ച് ആക്രമിക്കുകയായിരുന്നു. ഒപ്പമുണ്ടായിരുന്ന സുഹൃത്തുക്കളായ നികേഷ്, വിമൽ, വികാസ്, സജീവൻ എന്നിവർക്ക് പരിക്കേറ്റിരുന്നു. പ്രദേശത്ത് ആർ.എസ്.എസ് ശാഖ തുടങ്ങുന്നതുമായി ബന്ധപ്പെട്ട തർക്കമാണ് കൊലപാതകത്തിൽ കലാശിച്ചത്.

വീണ്ടും കപ്പടിക്കാൻ കണ്ണൂർ

തിരു : 63-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ നാലാംദിനത്തിൽ സ്വർണക്കപ്പിനായുള്ള മത്സരം കടുപ്പിച്ച് കണ്ണൂരും കോഴിക്കോടും തൃശൂരും. ആകെയുള്ള 249 മത്സരയിനങ്ങളിൽ 179 എണ്ണം പൂർത്തിയാകുമ്പോൾ 713 പോയിൻറുമായി മുൻവർഷത്തെ ജേതാക്കളായ കണ്ണൂരാണ് മുന്നിൽ. 708 വീതം പോയിൻറുമായി തൃശൂരും കോഴിക്കോടും തൊട്ടുപിന്നാലെയുണ്ട്. നാലാമതുള്ള പാലക്കാടിന് 702 പോയിൻറാണുള്ളത്. ഇന്ന് 60 ഇനങ്ങളിൽ മത്സരം നടക്കും.

ഏറ്റവും കൂടുതൽ പോയിൻറ് നേടിയ സ്കൂളുകളുടെ പട്ടികയിൽ 123 പോയിന്റുമായി പാലക്കാട് ആലത്തൂർ ബി.എസ്.എസ് ഗുരുകുലം ഹയർ സെക്കൻഡറി സ്കൂളാണ് മുന്നിൽ. 93 പോയിന്റുമായി തിരുവനന്തപുരം വഴുതക്കാട് കാർമൽ ഹയർ സെക്കൻഡറി സ്കൂൾ രണ്ടാമതും, 82 പോയിന്റുമായി ഇടുക്കി കുമാരമംഗലം എം.കെ.എൻ.എം.എച്ച്.എസ് മൂന്നാമതുമുണ്ട്.

ഉമ തോമസ് എംഎൽഎയ്ക്ക് പരിക്കേറ്റ അപകടം; ഇവന്റ് മാനേജ്മെന്റ് കമ്പനി ഉടമ പിടിയിൽ

തൃശൂർ: കലൂർ സ്റ്റേഡിയത്തിലെ നൃത്തപരിപാടിക്കിടെ ഗാലറിയിൽ നിന്ന് വീണ് ഉമ തോമസ് എംഎൽഎയ്ക്ക് പരിക്കേറ്റ സംഭവത്തിൽ ഇവന്റ് മാനേജ്മെന്റ് കമ്പനി ഉടമ പി എസ് ജനീഷ് പിടിയിൽ. തൃശൂരിൽ നിന്നാണ് ഇയാളെ പൊലീസ് പിടികൂടിയത്. ഹൈക്കോടതി നിർദേശിച്ചിട്ടും ജനീഷ് അന്വേഷണ സംഘത്തിന് മുന്നിൽ ഹാജരായിരുന്നില്ല. കേസിൽ മൂന്നാം പ്രതിയാണ് തൃശൂർ സ്വദേശിയായ ജനീഷ്.

ഉമ തോമസിന് പരിക്കേറ്റ സംഭവത്തിൽ ഇന്നലെ സംഘാടകർക്കെതിരെ രൂക്ഷവിമർശനം ഹൈക്കോടതി നടത്തിയിരുന്നു. ഉമ തോമസിന് പരിക്കേറ്റശേഷവും പരിപാടി കുറച്ച് നേരത്തക്ക് എങ്കിലും എന്തുകൊണ്ട് നിർത്തിവച്ചില്ലെന്നാണ് ഹൈക്കോടതി ചോദിച്ചത്.

മനുഷ്യത്വം എന്നൊന്നില്ലേ. ഗാലറിയിൽ നിന്ന് വീണ ഉമ തോമസ് എംഎൽഎയ്ക്ക് എന്ത് സംഭവിച്ചുവെന്ന് അന്വേഷിക്കാനുള്ള ബാദ്ധ്യത സംഘാടകർക്കുണ്ടായിരുന്നില്ലേ? അരമണിക്കൂർ പരിപാടി നിർത്തിവച്ചെന്ന് കരുതി എന്ത് സംഭവിക്കുമായിരുന്നു. എംഎൽഎയ്ക്ക് ഇതാണ് അവസ്ഥയെങ്കിൽ സാധാരണ മനുഷ്യരുടെ ഗതിയെന്താണെന്നും കോടതി ചോദിച്ചു. ഉമ തോമസിന് പരിക്കേറ്റപ്പോൾ സംഘാടകർ കാ ആശുപത്രിയിൽ എത്തിക്കുന്നത് വരെ എങ്കിലും കാത്തിരിക്കാമായിരുന്നുവെന്നും കോടതി വിമർശിച്ചു. നൃത്ത പരിപാടിയുമായി ബന്ധപ്പെട്ട് പൊലീസ് എടുത്ത സാമ്പത്തിക വഞ്ചനാക്കേസിൽ പ്രതികളുടെ ജാമ്യാപേക്ഷ പരിഗണിക്കുന്നതിനിടെയാണ് സിംഗിൾ ബെഞ്ചിന്റെ വിമർശനം. സംഘാടകർക്കെതിരെ സാമ്പത്തിക ചൂഷണത്തിന് ജാമ്യമില്ലാ വകുപ്പ് പ്രകാരം പൊലീസ് കേസെടുത്തിരുന്നു.

ണിച്ചത് ക്രൂരതയാണെന്നും കോടതി കൂട്ടിച്ചേർത്തു.

ഒരാൾ വീണ് തലയ്ക്ക് പരിക്കേറ്റ് കിടക്കുമ്പോഴും പരിപാടി തുടർന്നു. ഉമ തോമസിനെ

ഒറ്റ യാത്രയിലൂടെ രക്ഷപ്പെടാൻ കഞ്ചാവ് കടത്തി; വാളയാറിൽ എക്സൈസ് കുരുക്കിട്ടു

പാലക്കാട്: ഒറ്റ യാത്രയിലൂടെ സാമ്പത്തിക പ്രതിസന്ധി മറികടക്കുക ലക്ഷ്യമിട്ട് കഞ്ചാവ് കടത്തിനിറങ്ങിയ രണ്ട് യുവാക്കൾ വാളയാറിൽ അറസ്റ്റിൽ. പെരിന്തൽമണ്ണ സ്വദേശികളായ ഷഹൻ ഷാ, മുഹമ്മദ് ഷിബിൽ എന്നിവരെയാണ് വാഹന പരിശോധനയ്ക്കിടെ ഏഴ് കിലോ കഞ്ചാവുമായി എക്സൈസ് പിടികൂടിയത്. ആയിരങ്ങൾ മോഹിച്ച് വൻ കിടക്കാർക്ക് കഞ്ചാവെത്തിക്കാനുള്ള ആദ്യ യാത്രയിൽത്തന്നെ ഇരുവരും കുടുങ്ങുകയായിരുന്നു.

ഷഹൻ ഷായ്ക്ക് 21 വയസാണ് പ്രായം. ഷഹൻ ഷായുടെ വാക്ക് വിശ്വസിച്ച് കഞ്ചാവ് കടത്തിനിറങ്ങിയ മുഹമ്മദ് ഷിബിലിന് 19 തികഞ്ഞതേയുള്ളൂ. സ്കൂൾ തലം മുതൽ തുടങ്ങിയ കഞ്ചാവ് ഉപയോഗം പിന്നീട് പതിവാക്കി. ദിവസേന ലഹരി കിട്ടിയില്ലെങ്കിൽ പിടിച്ചു നിൽക്കാനാവില്ലെന്ന സ്ഥിതിയെത്തി. സൗജന്യമായി ലഹരി നൽകാൻ ആദ്യം താൽപര്യം കാണിച്ചവർ പിന്നീട് കൂടിയ അളവിൽ ലഹരിയെത്തിച്ചാൽ മാത്രമേ പണം നൽകാനാവൂ എന്ന നിലപാടെടുത്തു. ഇതിനിടയിൽ അടിച്ച് പൊളി ജീവിതത്തിനായുള്ള സാമ്പത്തിക ഇടപാടിനെത്തുടർന്ന് കടം വന്നു. ഒറ്റത്തവണയായി കടം വീട്ടാൻ ഒഡീഷയിലേക്ക് വണ്ടി കയറി കഞ്ചാവുമായി മടങ്ങിയ യുവാക്കൾക്ക് വാളയാറിൽ എക്സൈസ് കുരുക്കിട്ടു.

ഒഡീഷയിൽ നിന്നും ട്രെയിൻ മാർഗം സേലത്തെത്തി. പിന്നീട് ബസ് മാർഗം കോയമ്പത്തൂരിലും തുടർന്ന് പാലക്കാട്ടേക്ക് കെ.എസ് ആർ ടി സിയിലുമായിരുന്നു ഇരുവരുടെയും യാത്ര. ആദ്യമായാണ് കഞ്ചാവ് കടത്തിനിറങ്ങിയതെന്നാണ് മൊഴി. വൻകിട കടത്തുകാരുടെ രഹസ്യ ഗോഡൗണിൽ സാധനമെത്തിച്ചാലുള്ള ഭീമമായ തുകയായിരുന്നു മുഖ്യ ആകർഷണം. ഇവർക്ക് സഹായം ചെയ്തിരുന്നവരുടെ വിവരങ്ങൾ ഉൾപ്പെടെ എക്സൈസ് പരിശോധിക്കുന്നുണ്ട്.

എച്ച് എം പി വൈറസ്; ആശങ്കപ്പെടേണ്ട സാഹചര്യം ഇല്ല – മന്ത്രി വീണാ ജോർജ്.

തൃശൂർ : എച്ച്എംപി വൈറസ് സംബന്ധിച്ച് ആശങ്കപ്പെടേണ്ട യാതൊരു സാഹചര്യവും നിലവിലില്ലെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. കേരളത്തിൽ ഉൾപ്പെടെ ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും നേരത്തേ തന്നെ കണ്ടെത്തിയിട്ടുള്ള വൈറസാണ് ഇത്. എച്ച് എംപിവി സംബന്ധിച്ച് പ്രചരിക്കുന്ന ഭൂരിഭാഗം വാർത്തകളും തെറ്റാണെന്നും ആരോഗ്യ വകുപ്പ് മന്ത്രി കൂട്ടിച്ചേർത്തു.

ആലപ്പുഴയിൽ സി പി എം പ്രാദേശിക നേതാവുൾപ്പെടെ ഇരുന്നൂറിലധികംപേർ ബി ജെ പി യിൽ ചേർന്നു

കായംകുളം: സി.പി.എം. ലോക്കൽ കമ്മിറ്റിയംഗം ഉൾപ്പെടെ 218 പേർ ബി.ജെ.പി. യിൽ ചേർന്നു. സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ ഇവരെ ഷാളണിയിച്ച് സ്വീകരിച്ചു. സി.പി.എം. കരീലക്കുളങ്ങര ലോക്കൽ കമ്മിറ്റിയംഗവും സി.ഐ.ടി.യു. നേതാവുമായ സക്കീർ ഹുസൈനാണ് ബി.ജെ.പി.യിൽ ചേർന്നത്. ഇദ്ദേഹം കുടുംബത്തോടൊപ്പമാണ് യോഗത്തിനെത്തിയത്. പത്തിയൂർ പഞ്ചായത്ത് മുൻ അംഗം കൂടിയാണ് സക്കീർ ഹുസൈൻ. സി.പി.എമ്മിന്റെ അഞ്ച് ബ്രാഞ്ച് സെക്രട്ടറിമാർ ഉൾപ്പെടെ 49 പാർട്ടി അംഗങ്ങൾ ബി.ജെ.പി.യിൽ ചേർന്നതായി നേതാക്കൻമാർ പറഞ്ഞു.

ഡി.വൈ.എഫ്.ഐ. മുൻ മേഖലാസെക്രട്ടറി സമീറും ബി.ജെ.പി.യിൽ ചേർന്നിട്ടുണ്ട്. കോൺഗ്രസിൽനിന്ന് 27 പേരും ബി.ജെ.പി.യിൽ ചേർന്നു. സി.പി.എമ്മിന്റെ ശക്തികേന്ദ്രമായ പത്തിയൂരിൽനിന്ന് 62 പേരും ദേവികുളങ്ങരയിൽ നിന്നു 96 പേരും ചേരാവള്ളി മേഖലയിൽനിന്നു 49 പേരും കണ്ടല്ലൂരിൽനിന്നു 46 പേരും പാർട്ടിയിൽ ചേർന്നു. ജില്ലാ പഞ്ചായത്തംഗം ബിപിൻ സി. ബാബു അടുത്തിടെ സി.പി.എം. വിട്ട് ബി.ജെ.പിയിൽ ചേർന്നിരുന്നു. ബിപിൻ സി. ബാബുവിനോട് അടുപ്പമുള്ളവരാണ് ഇപ്പോൾ സി.പി.എം.വിട്ട് ബി.ജെ.പി.യിൽ ചേർന്നവരിൽ ഏറിയ പങ്കും.

കായംകുളം : മന്ത്രിയായിരുന്നപ്പോൾ ഒരഴിമതിയും നടത്താത്ത ആളായിരുന്നു ജി. സുധാകരനെന്നു ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കെ. സുരേന്ദ്രൻ പറഞ്ഞു. കായംകുളത്ത് ജനമുന്നേറ്റസദസ്സ് ഉദ്ഘാടനം ചെയ്യുകയായിരുന്നു സുരേന്ദ്രൻ. നല്ല നേതാക്കളെയെല്ലാം പുറത്താക്കുന്നതാണ് സി.പി.എമ്മിന്റെ രീതി.

പാർട്ടിനേതാവ് എന്നനിലയിലും മന്ത്രി എന്നനിലയിലും മികച്ച പ്രകടനമാണ് ജി. സുധാകരൻ നടത്തിയത്. എന്നാൽ, ഇപ്പോൾ ജി. സുധാകരന് സി.പി.എം. കറിവേപ്പിലയുടെ വിലപോലും നൽകുന്നില്ല. കോട്ടയത്ത് സുരേഷ്ക്കുറുപ്പിനെയും ഇതേപോലെ ഒതുക്കിയെന്നും സുരേന്ദ്രൻ പറഞ്ഞു.

ഖനിയിൽ കുടുങ്ങിയ 3 തൊഴിലാളികൾ മരിച്ചു

ഗുവാഹത്തി: അസമിൽ കൽക്കരി ഖനിക്കുള്ളിൽ വെള്ളം കയറി കുടുങ്ങിപോയ ഒമ്പതു തൊഴിലാളികളിൽ മൂന്നു പേർ മരിച്ചതായി വിവരം. ബാക്കി തൊഴിലാളികളെ പുറത്തെത്തിക്കാനുള്ള രക്ഷാപ്രവർത്തനം പുരോഗമിക്കുകയാണ്.

അസമിലെ ദിമാ ഹസാവോ ജില്ലയിലെ ഉമറാങ്സോയിൽ ഏകദേശം മുന്നൂറടിയോളം ആഴമുള്ള ഖനിയിലാണ് തൊഴിലാളികൾ കുടുങ്ങികിടക്കുന്നത്. ഇതിൽ നൂറടി താഴ്ചയിൽ വരെ വെള്ളമെത്തിയിട്ടുണ്ടെന്നാണ് അധികൃതർ പറയുന്നത്. 26നും 57നും ഇടയിൽ പ്രായമുള്ള ഒമ്പതുപേരാണ് ഖനിയിൽ കുടുങ്ങിയത്. ഒറ്റപ്പെട്ട മലയോര പ്രദേശമായതിനാൽ തന്നെ രക്ഷാപ്രവർത്തനം പൂർണതോതിലാകാൻ ഏറെ വൈകിയതാണ് തിരിച്ചടിയായത്. മോട്ടോറുകൾ ഉപയോഗിച്ച് ഖനിയിൽനിന്ന് വെള്ളം പമ്പ് ചെയ്ത് കളയുന്നുണ്ട്.

എസ്.ഡി.ആർ.ഫ്, എൻ.ഡി.ആർ.ഫ് സേനാംഗങ്ങളുടെ നേതൃത്വത്തിലാണ് രക്ഷാപ്രവർത്തനം. സൈന്യത്തിന്റെ സഹായം തേടിയതായി അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വശർമ അറിയിച്ചിരുന്നു.

നേപ്പാൾ – ടിബറ്റ് അതിർത്തിയിൽ വൻഭൂചലനം; 45 മരണം

കാഠ്മണ്ഡു: ടിബറ്റ് നേപ്പാൾ അതിർത്തിയിലുണ്ടായ ഭൂകമ്പത്തിൽ 45 മരണം. ടിബറ്റിൽ 36 പേരും ചൈനയിൽ ഒൻപതുപേരും മരിച്ചു. 7.1 തീവ്രതയുള്ള ഭൂകമ്പമുണ്ടായത് നേപ്പാൾ-ടിബറ്റ് അതിർത്തിയിലുണ്ടായത്. ലൊബൂചെയിൽ നിന്നും 93 കിലോമീറ്റർ വടക്കുകിഴക്കാണ് ഭൂചലനത്തിൻറെ പ്രഭവകേന്ദ്രം. സിസാങ് പ്രദേശത്ത് 4.7, 4.9 തീവ്രതയുള്ള 2തുടർചലനങ്ങളും അനുഭവപ്പെട്ടു. ആശയവിനിമയ സംവിധാനങ്ങൾ തകർന്നതിനാൽ നാശനഷ്ടങ്ങൾ സംബന്ധിച്ച റിപ്പോർട്ടുകൾ പുറത്തുവന്നിട്ടില്ല.

തുടർചലനങ്ങൾക്ക് സാധ്യതയുള്ളതിനാൽ ഭൂകമ്പ സാധ്യതയുള്ള മേഖലകളിൽ നിന്ന് ആളുകളെ ഒഴിപ്പിക്കുകയാണ്. നേപ്പാളിനോട് അടുത്തു കിടക്കുന്ന സിക്കിം അസം ബംഗാൾ ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലും ഡൽഹിയിലും പ്രകമ്പനം അനുഭവപ്പെട്ടു. ബംഗ്ലാദേശ്, ഭൂട്ടാൻ, ചൈന എന്നിവിടങ്ങളിലും പ്രകമ്പനം അനുഭവപ്പെട്ടതായാണ് റിപ്പോർട്ടുകൾ.2015 ലെ ഭൂചലനം കനത്ത നാശമാണ് നേപ്പാളിലെങ്ങുമുണ്ടാക്കിയത്.

ഹിമാലയ പ്രദേശമായ ലൊബൂചെയിൽ നിന്നും 93 കിലോമീറ്റർ വടക്കുകിഴക്കാണ് ഭൂചലനത്തിന്റെ പ്രഭവകേന്ദ്രമെന്ന് യുഎസ് ജിയോളജിക്കൽ സർവെ റിപ്പോർട്ട് ചെയ്യുന്നു. അതേസമയം നാശനഷ്ടങ്ങളുണ്ടായോ എന്നത് സംബന്ധിച്ച് വ്യക്തതയില്ല. ശക്തമായ ചലനങ്ങളെ തുടർന്ന് ബിഹാറിലും അസമിലുമുള്ളവർ പരിഭ്രാന്തരായി വീടുകൾക്ക് പുറത്തിറങ്ങി. ഭൂമിശാസ്ത്രപരമായി ഭൂകമ്പ സാധ്യതാ പ്രദേശത്താണ് നേപ്പാൾ സ്ഥിതി ചെയ്യുന്നത്. 2015 ലെ ഭൂചലനം കനത്ത നാശമാണ് നേപ്പാളിലെങ്ങുമുണ്ടാക്കിയത്. ജനങ്ങൾ ജാഗ്രതപാലിക്കണമെന്നും തുടർചലനങ്ങൾ ഉണ്ടായേക്കാമെന്നും അധികൃതർ മുന്നറിയിപ്പ് നൽകി. സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറാനും നിർദേശമുണ്ട്.

കഴിഞ്ഞ 22 ദിവസമായി പ്രദേശം അതീവ നിരീക്ഷണത്തിലാണെന്നും എപ്പോൾ വേണമെങ്കിലും ശക്തമായ ഭൂചലനമുണ്ടായേക്കാമെന്നും ശാസ്ത്രജ്ഞർ മുന്നറിയിപ്പ് നൽകിയിരുന്നു. ഡിസംബർ 17നാണ് നിലവിലെ ഭൂചലനങ്ങളുടെ തുടക്കം. അടുത്ത ദിവസം നേപ്പാളിലെ പലയിടങ്ങളിലും ചെറു ചലനങ്ങളുണ്ടായി. ഡിസംബർ 20ന് 5.2 തീവ്രതയുള്ള ഭൂചലനം ബജുറയിൽ അനുഭവപ്പെട്ടു.സിന്ധുപാൽചോക്കിൽ ജനുവരി 2 നും ശക്തമായ ഭൂചലനം ഉണ്ടായിരുന്നു. അതേസമയം, അടിക്കടിയുണ്ടാകുന്ന ഭൂചലനങ്ങൾ ആശങ്കയുളവാക്കുന്നതാണെന്നും ദിവസം 10 ചെറുചലനങ്ങളെങ്കിലും നേപ്പാളിൽ അനുഭവപ്പെടുന്നുണ്ടെന്നും സീനിയർ ഡിവിഷണൽ സീസ്മോളജിസ്റ്റായ ഡോ. ലോക് ബിജയ അധികാരി പറയുന്നു.

കൊലയ്ക്കുകാരണം രാഷ്ട്രീയവിരോധം; റിജിത്തിനെ കൊല്ലാനുപയോഗിച്ചത് വാക്കത്തി, വടിവാൾ, കഠാര, സ്റ്റീൽപൈപ്പ്

തലശ്ശേരി: സി.പി.എം. കണ്ണപുരം ചുണ്ട ബ്രാഞ്ചംഗം കണ്ണപുരത്തെ അലിച്ചിവീട്ടിൽ റിജിത്ത് ശങ്കരനെ (25) ബി.ജെ.പി-ആർ.എസ്.എസ് പ്രവർത്തകരായ പ്രതികൾ കൊലപ്പെടുത്തിയത് രാഷ്ട്രീയവിരോധം കാരണം. 2005 ഒക്ടോബർ മൂന്നിനാണ് റിജിത്തിനെ പത്തംഗ അക്രമിസംഘം ക്രൂരമായി കൊന്നത്. കൊലപാതകം, കൊലപാതകശ്രമം തുടങ്ങിയ കുറ്റങ്ങൾ പ്രതികൾ ചെയ്തതായി കോടതി കണ്ടെത്തി നേരത്തേ കണ്ടെത്തിയിരുന്നു. 19 വർഷത്തിന് ശേഷം കേസിൽ ശിക്ഷ വിധിച്ചപ്പോൾ എല്ലാ പ്രതികൾക്കും ജീവപര്യന്തം തടവാണ് ലഭിച്ചത്.

ചുണ്ട തച്ചൻകണ്ടി ക്ഷേത്രത്തിനടുത്തുവെച്ചാണ് സി.പി.എം. പ്രവർത്തകനായ റിജിത്തിനെ കൊലപ്പെടുത്തിയത്. കിണറിനുപിറകിൽ ഒളിച്ചിരുന്ന 10 പേർ ആയുധവുമായി ചാടിവീണ് അക്രമിക്കുകയായിരുന്നു. ഒന്നാംപ്രതി സുധാകരൻ അക്രമത്തിന് തുടക്കമിട്ടു. ഒന്നിച്ചുണ്ടായിരുന്ന നികേഷിനെ കുത്തുന്നത് തടഞ്ഞ റിജിത്തിനെ രണ്ടാം പ്രതി ജയേഷ് കഠാരകൊണ്ട് കുത്തി. ശരീരത്തിന്റെ പിറകിലാണ് കുത്തേറ്റത്. റിജിത്തിന് ചെറുകുന്ന് സെയ്ന്റ് മാർട്ടിൻ ഡി പോറസ് ആസ്പത്രിയിൽ പ്രഥമശുശ്രൂഷ നൽകി കണ്ണൂർ എ.കെ.ജി. ആസ്പത്രിയിൽ എത്തുമ്പോഴേക്കും മരിച്ചു.

സംഭവത്തിന്റെ തലേദിവസം വൈകീട്ട് ആർ.എസ്.എസ്. ശാഖ നടത്തുന്നതിനെ ചൊല്ലിയുള്ള വാക്കേറ്റമാണ് അക്രമ കാരണം. ആർ.എസ്.എസ്. ശാഖ അക്രമിക്കാൻ എത്തിയപ്പോൾ അപരിചിതരായ ആളുകൾ അക്രമിച്ചെന്നായിരുന്നു പ്രതിഭാഗവാദം. സംഭവം നടന്ന സ്ഥലം ശാഖയുടെ അടുത്തല്ലെന്നായിരുന്നു പ്രോസിക്യൂഷൻ വാദം.

സുഹൃത്തുക്കൾക്കൊപ്പം നടന്നുപോകുമ്പോഴാണ് അക്രമം. സുഹൃത്തുക്കളായ കെ.വി. നികേഷ്, ആർ.എസ്. വികാസ്, കെ.എൻ. വിമൽ എന്നിവർക്ക് അക്രമത്തിൽ പരിക്കേറ്റു. നികേഷിന്റെ പരാതിയാണ് കേസെടുത്തത്. വാക്കത്തി, കഠാര, വടിവാൾ, വലിയ കഠാര, സ്റ്റീൽപൈപ്പ് ഉറയോടുകൂടിയ വാൾ എന്നിവ ഉപയോഗിച്ചാണ് അക്രമിച്ചത്.

അക്രമിക്കാൻ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ മൂന്നിടത്തുനിന്ന് അന്വേഷണസംഘം കണ്ടെത്തി. കണ്ണപുരം റെയിൽവേ സ്റ്റേഷൻ പരിസരം, ഒരു വീട്ടിലെ മടൽ കൂമ്പാരം, നീലിയാർകോട്ടം മരത്തിന് സമീപം എന്നിവിടങ്ങളിൽനിന്നാണ് ആയുധങ്ങൾ കണ്ടെത്തിയത്. വളപട്ടണം സി.ഐ.യായിരുന്ന ടി.പി. പ്രേമരാജനാണ് അന്വേഷണം നടത്തിയത്.

ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും 23 വിധിന്യായങ്ങൾ പ്രോസിക്യൂഷനുവേണ്ടി സ്പെഷ്യൽ പ്രോസിക്യൂട്ടർ ബി.പി. ശശീന്ദ്രൻ കോടതിയിൽ ഹാജരാക്കി. കേസ് വിചാരണ തുടങ്ങിയ സമയത്ത് ശശീന്ദ്രൻ പബ്ലിക് പ്രോസിക്യൂട്ടറായിരുന്നു. പിന്നീട് സ്പെഷ്യൽ പ്രോസിക്യൂട്ടറായി. കേസിൽ പ്രോസിക്യൂഷൻ നാലുദിവസവും പ്രതിഭാഗം രണ്ടുദിവസവും വാദം നടത്തി.

അന്യായമായി സംഘംചേരൽ സംഘംചേർന്ന് അക്രമം, ആയുധവുമായി സംഘംചേർന്നു, അന്യായമായി തടഞ്ഞുവെച്ചു, ആയുധമുപയോഗിച്ച് പരിക്കേൽപ്പിച്ചു എന്നീ കുറ്റങ്ങൾക്കും പ്രതികൾ കുറ്റക്കാരാണ്. ഒന്ന്, രണ്ട്, നാല്, അഞ്ച്, ആറ്, 10 പ്രതികൾ ആയുധം കൈവശംവെച്ചതിനും കുറ്റക്കാരാണ്. കുറ്റക്കാരാണന്ന് കണ്ടെത്തിയ പ്രതികളെ കണ്ണൂർ സെൻട്രൽ ജയിലിലേക്ക് മാറ്റി. പ്രതികളിൽ ആറുപേർ സഹോദരങ്ങളാണ്. രണ്ടും മൂന്നും പ്രതികളും അഞ്ചും ഏഴും എട്ടും ഒൻപതും പ്രതികളും സഹോദരങ്ങളാണ്. കൊലപാതകം നടന്നിട്ട് 19 വർഷത്തിനുശേഷമാണ് കേസിൽ വിധിപറഞ്ഞത്. കൊലപാതകം നടന്നിട്ട് ഒക്ടോബറിൽ 20 വർഷം പൂർത്തിയാകും.

കുറ്റക്കാരനാണെന്ന് കണ്ടെത്തിയശേഷം ശിക്ഷ ഇളവ് നൽകണമെന്ന് പ്രതികൾ ജഡ്ജിയോട് പറഞ്ഞു. ഭാര്യ മരിച്ചു; മകൻ മാത്രമേയുള്ളൂവെന്ന് പത്താംപ്രതി ടി.വി. ഭാസ്കരൻ. സഹോദരങ്ങൾ പ്രതിയായതിനാൽ വീട്ടുകാരെ സംരക്ഷിക്കാൻ ആളില്ലെന്ന് ഒൻപതാംപ്രതി ശ്രീജിത്ത്. സഹോദരൻ ശ്രീകാന്തും പ്രതിയാണ്. അമ്മ മാത്രമേയുള്ളൂ. സഹോദരൻ മരിച്ചു. അതിനാൽ ശിക്ഷയിളവ് നൽകണമെന്ന് രണ്ടാം പ്രതി ജയേഷ്. ജയേഷിന്റെ ഇരട്ട സഹോദരൻ കേസിൽ പ്രതിയായിരുന്ന അജേഷ് സംഭവശേഷം വാഹനാപകടത്തിൽ മരിച്ചു.

കോവിഡ് തുടങ്ങുന്നതിന് മുൻപ് കേസിന്റെ വിചാരണ തലശ്ശേരി അഡീഷണൽ സെഷൻസ് കോടതി(ഒന്ന്)യിൽ തുടങ്ങി. കോവിഡിനെ തുടർന്ന് വിചാരണ നിർത്തിവെച്ചു. 2023 ഓഗസ്റ്റ് ഒൻപതിന് വീണ്ടും വിചാരണ തുടങ്ങി. ഒരുവർഷത്തിന് ശേഷമാണ് ഇപ്പോൾ വിധി പറഞ്ഞത്. റിജിത്തിനെ പരിശോധിച്ച ഡോ. ഹിലാരി നാട്ടിലില്ലാത്തതിനാൽ വിസ്തരിക്കാൻ കഴിഞ്ഞില്ല.

ഡോ. വിദ്യാധര റാവുവിനെ കർണാടകയിൽ അന്വേഷിച്ച് കണ്ടെത്തിയാണ് വിസ്തരിച്ചത്. പ്രോസിക്യൂഷൻ 28 സാക്ഷികളെ വിസ്തരിച്ചു. 59 രേഖകൾ അടയാളപ്പെടുത്തി. 50 തൊണ്ടിമുതലുകൾ ഹാജരാക്കി.

പറന്നുപൊങ്ങുന്നതിനിടെ വിമാനത്തിന്റെ ടയറുകൾ പൊട്ടിത്തെറിച്ചു

അബുദാബി: പറന്നുപൊങ്ങുന്നതിനിടെ പൊട

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

എം.ടി.യും-കാലവും തൃശൂരിൽ സംവാദം

തൃശൂർ: എം.ടി.യും കാലവും-എന്ന വിഷയത്തിൽ ജനുവരി 11 ന് തൃശൂരിൽ സർഗ സംവാദം നടക്കും. തൃശൂർ സാംസ്കാരിക അക്കാദമിയുടെ നവവത്സരാദരം സാഹിത്യ സദസിന്റെ ഭാഗമായാണ് സംവാദം.

തൃശൂർ എം ജി റോഡിലെ നാഷണൽ ബുക്ക് സ്റ്റാളിൽ 11ന് 4.30 നാണ് സർഗ സംവാദം. ഷാജു പുതൂർ ഉൽഘാടനം ചെയ്യും. അഡ്വ: എഡി.ബെന്നി അദ്ധ്യക്ഷത വഹിക്കും. സാഹിത്യ സാംസ്കാരിക പ്രവർത്തകർ പങ്കെടുക്കും.

വജ്ര ജൂബിലി തിരുനാൾ കൊടികയറ്റം

തൃശൂർ: പൗരസ്ത്യ കൽദായ സുറിയാനി സഭ നെല്ലിക്കുന്ന് മാർ തിമോഥെയോസ് പള്ളിയുടെ വജ്ര ജൂബിലി തിരുനാൾ കൊടികയറ്റം ജനുവരി 5-ാംതീയതി ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കു ശേഷം ഇടവക വികാരി റവ. ജാക്സ് ചാണ്ടി കശ്ശീശ നിർവഹിച്ചു. ഇടവക അസിസ്റ്റൻറ് വികാരി റവ.ബിനോയ് നിരപ്പത്ത് കശ്ശീശ, ഇടവക കൈക്കാരന്മാരായ തിമത്തി എം. ആർ , ഫ്രാൻസിസ് പി.പി, പാരിഷ് കൗൺസിൽ അംഗങ്ങൾ മറ്റു ഇടവക അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.ജനുവരി 10, 11, 12, 13(വെള്ളി ,ശനി,ഞായർ, തിങ്കൾ) ദിവസങ്ങളിലായി തിരുനാൾ കൊണ്ടാടുന്നു.വജ്ര ജൂബിലി ആഘോഷത്തിന്റെ ഭാഗമായി കരുതൽ സ്പർശം എന്നപേരിൽ 10 ലക്ഷം രൂപയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ കഴിഞ്ഞ ഒരു വർഷമായി നടത്തിവരുന്നു. ജനുവരി 10-ാം തീയതി വെള്ളിയാഴ്ച പൊതു സമ്മേളനത്തിൽ വെച്ച് 120 പേർക്ക് ഡയാലിസിസ് ചെയ്യുന്നതിനുള്ള സൗജന്യ കൂപ്പണുകളുടെ വിതരണോദ്ഘാടനം ബഹു. റവന്യൂ മന്ത്രി കെ.രാജൻ നിർവ്വഹിക്കുന്നു.

കോഴ്സ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു

തൃശൂർ: അയ്യന്തോൾ ലയൺസ് ക്ലബ്ബ് ചാരിറ്റബിൾ ട്രസ്റ്റിന്റെ നേതൃത്വത്തിൽ നടത്തിയ ഐ.ടി. കോഴ്സിലെ വിജയികൾക്ക് ട്രസ്റ്റ് ചെയർമാൻ അഡ്വ കെ.ബി. മോഹൻദാസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

വിവിധ സാമൂഹ്യ സംഘടനകളിൽ നിന്നും അവാർഡുകൾ കരസ്ഥമാക്കിയ ഡോ. ഡി. രാമനാഥൻ, പി.ജെ. ജോർജ്ജുകുട്ടി, എം.എം. അബ്ദുൾ റസാഖ്, മാൻവി ഗംഗോത്രി എന്നിവരെ ലയൺസ് കേരള മൾട്ടിപ്പിൾ കൗൺസിൽ ചെയർമാൻ ടോണി ഏനോക്കാരൻ ചടങ്ങിൽ ആദരിച്ചു

ഡോ. കെ.ആർ. രാജൻ, കെ.കെ. രവീന്ദ്രൻ, അഡ്വ എം. എച്ച് മുഹമ്മദ് ബഷീർ, സെൻസി യൂജിൻ, എം. എൽ. ജോർജ്,ചന്ദ്രൻ കാട്ടുങ്ങൽ, ജെ. എസ്. എസ്. കോർഡിനേറ്റർ സഖി, പി. ധർമ്മരാജ് എന്നിവർ പ്രസംഗിച്ചു. സ്വീകരണ യോഗത്തിൽ അവാർഡ് ജേതാക്കൾ മറുമൊഴി രേഖപ്പെടുത്തി. 10 വർഷമായി വിവിധ കമ്പ്യൂട്ടർ കോഴ്സുകൾ, ടൈലറിംഗ് കോഴ്സുകൾ, മോട്ടിവേഷൻ ക്ലാസുകൾ, പാചകകല, നൃത്തം എന്നിവ വിവിധ ഘട്ടങ്ങളിലായി സൗജന്യമായി പഠിപ്പിക്കുന്ന തൃശൂരിലെ മുഖ്യ സ്ഥാപനമാണ് പുഴക്കലുള്ള ട്രസ്റ്റിന്റെ ബ്ലിസ്.

ഇരിങ്ങാലക്കുട ടൗൺ അമ്പ് ഫെസ്റ്റിവലിന്റെ ലോഗോ പ്രകാശനം ഉന്നത വിദ്യാഭ്യാസ സാമൂഹിക നീതി വകുപ്പ് മന്ത്രി ഡോ.ആർ. ബിന്ദു നിർവ്വഹിക്കുന്നു

ടൗൺ അമ്പ് ഫെസ്റ്റ് ലോഗോ പ്രകാശനം ചെയ്തു

ഇരിങ്ങാലക്കുട. പിണ്ടി പെരുന്നാളിനോടനുബന്ധിച്ച് നടത്തുന്ന ഇരിങ്ങാലക്കുട ടൗൺ അമ്പ് ഫെസ്റ്റിവലിന്റെ ലോഗോ പ്രകാശനം ഉന്നത വിദ്യാഭ്യാസ സാമൂഹി നീതി വകുപ്പ് മന്ത്രി ഡോ.ആർ. ബിന്ദു നിർവ്വഹിച്ചു. അമ്പ് ഫെസ്റ്റ് പ്രസിഡന്റ് റെജി മാളക്കാരൻ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വി.ആർ. സുനിൽകുമാർ എം.എൽ.എ. മുഖ്യാതിഥി ആയിരുന്നു. അമ്പ് ഫെസ്റ്റ് ജനറൽ കൺവീനർ ജിക്സൺ മങ്കിടിയാൻ, വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ഷാജു പാറേക്കാടൻ, പ്രോഗ്രാം കമ്മറ്റി കൺവീനർ ടെൽസൺ കോട്ടോളി, പബ്ലിസിറ്റി ജോ.കൺവീനർ ഡേവിസ് ചക്കാലക്കൽ,അമ്പ് ഫെസ്റ്റ് ജോ. കൺവീനർ ജോബി അക്കരക്കാരൻ എന്നിവർ പ്രസംഗിച്ചു. ഫെബ്രുവരി 25, 26, 27 തിയതികളിലാണ് ടൗൺ അമ്പ് ഫെസ്റ്റ്. നാല്പതോളം ലോഗോ എൻട്രികളിൽ നിന്ന് അവാർഡ് കമ്മറ്റി ഷാബു ഹംസയുടെ ലോഗോയാണ് തെരഞ്ഞെടുത്തത്. ക്യാഷ് അവാർഡും മെമെന്റോയും മതസൗഹാർദ സമ്മേളനത്തിൽ വച്ച് ഷാബു ഹംസക്ക് സമ്മാനിക്കും

മുകുന്ദപുരം താലൂക്ക് റവന്യൂ റിക്കവറിബാങ്ക് അദാലത്ത്

തൃശൂർ: ബാങ്ക് അതോറിറ്റിയും മുകുന്ദപുരം താലൂക്കും ബാങ്ക് കുടിശ്ശികയിനത്തിൽ റവന്യൂ റിക്കവറി നേരിടുന്ന ഉപഭോക്താക്കൾക്കായി ജനുവരി 7, 10, 15 തീയ്യതികളിൽ ബ്ലോക്ക് തലത്തിൽ യഥാക്രമം വെള്ളാങ്കല്ലൂർ ബ്ലോക്ക് പഞ്ചായത്ത് ഹാൾ, വെള്ളാങ്കല്ലൂർ, കൊടകര ബ്ലോക്ക് പഞ്ചായത്ത് ഹാൾ, പുതുക്കാട്, ഇരിങ്ങാലക്കുട ബ്ലോക്ക് ഹാൾ, മാപ്രാണം എന്നിവിടങ്ങളിലായി ബാങ്ക് മേള സംഘടിപ്പിക്കുന്നു. ബാദ്ധ്യത തീർക്കുന്നവർക്ക് അർഹിക്കുന്ന പരമാവധി ഇളവ് നൽകാൻ നടപടികളുണ്ടാകും. അടക്കാനുള്ള തുക കൂടി കയ്യിൽ കരുതി അദാലത്തിൽ നേരിട്ട് ഹാജരാകണമെന്ന് ലീഡ് ബാങ്ക് മാനേജർ അറിയിച്ചു.

അദാലത്തിൽ ഹാജരായി ബാദ്ധ്യത തീർക്കാത്തപക്ഷം കുടിശ്ശിക ഈടാക്കുവാനായി ഇനിയൊരറിയിപ്പ് കൂടാതെ കുടിശ്ശിക്കക്കാരന്റെ സ്ഥാവരജംഗമ വസ്തുക്കളുടെ ജപ്തി നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്ന് തഹസിൽദാർ അറിയിച്ചു.

അമലയിൽ പാരാമെഡിക്കൽ കോഴ്സുകളുടെ വിദ്യാരംഭം

അമല മെഡിക്കൽകോളേജിൽ ഗവൺമെൻറ് അംഗീകൃത പാരാമെഡിക്കൽ കോഴ്സുകളായ ഡി.എം.എൽ.ടി., ഡി. ആർ.ആർ.ടി., ഡിപ്ലോമ കോഴ്സുകളുടെ വിദ്യാരംഭം അമല ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ ഉദ്ഘാടനം നിർവ്വഹിച്ചു.

മെഡിക്കൽ സൂപ്രണ്ട് ഡോ.രാജേഷ് ആൻറോ, അലൈഡ് ഹെൽത്ത് സയൻസസ് പ്രിൻസിപ്പൾ ഡോ.എം. സി.സാവിത്രി, ട്യൂട്ടർമാരായ ആനന്ദ് അനിൽ, രേഷ്മ രാജേന്ദ്രൻ എന്നിവർ പ്രസംഗിച്ചു.

മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ന്യായവേതനം പുതുക്കൽ: യോഗം നാളെ

തൃശൂർ: മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളികളുടെ ന്യായവേതനം പുതുക്കി നിശ്ചയിക്കുന്നതിനുള്ള കമ്മിറ്റിയുടെ തെളിവെടുപ്പ് യോഗം നാളെ (ജനുവരി 8) രാവിലെ 11 ന് തൃശൂർ ഗവ. ഗസ്റ്റ് ഹൗസിൽ ചേരും. യോഗത്തിൽ തൃശൂർ, പാലക്കാട് ജില്ലകളിലെ മോട്ടോർ ട്രാൻസ്പോർട്ട് വ്യവസായവുമായി ബന്ധപ്പെട്ട തൊഴിലാളികളും, ട്രേഡ് യൂണിയൻ പ്രതിനിധികളും, തൊഴിലുടമ പ്രതിനിധികളും, ഉദ്യോഗസ്ഥരും പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ അറിയിച്ചു.

ഗതാഗത നിയന്ത്രണം ഇന്ന് മുതൽ

തൃശൂർ: തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ പഞ്ചാരമുക്ക് മുതൽ ചാവക്കാട് വരെയുള്ള ഭാഗങ്ങളിൽ ടാറിംഗ് പ്രവൃത്തി നടക്കുന്നതിനാൽ ജനുവരി 7, 8, 9 തിയ്യതികളിൽ രാത്രി 8 മുതൽ പിറ്റേന്ന് രാവിലെ 6 വരെ ഇതുവഴിയുള്ള ഗതാഗതം പൂർണ്ണമായി നിരോധിച്ചിരിക്കുന്നതായി ചാവക്കാട് പി.ഡബ്ല്യൂ.ഡി അസി. എഞ്ചിനീയർ അറിയിച്ചു.

കുടുംബശ്രീ ജില്ലാ മിഷൻ കെ-ടിക് ശില്പശാല സംഘടിപ്പിച്ചു

തൃശ്ശൂർ: കുടുംബശ്രീ ജില്ലാ മിഷൻ തൃശ്ശൂരിന്റെ ആഭിമുഖ്യത്തിൽ കുടുംബശ്രീ ട്രൈബൽ എന്റർപ്രൈസസ് & ഇന്നോവേഷൻ സെന്റർ ജില്ലാതല ശില്പശാല ഉദ്ഘാടനം അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സൗമിനി മണിലാൽ നിർവഹിച്ചു. അതിരപ്പിള്ളി സിഡിഎസ് ചെയർപേഴ്സൺ നടാഷ വിജയൻ അധ്യക്ഷത വഹിക്കുകയും വാർഡ് മെമ്പർ റിജേഷ് ഹെൽത്ത് ഇൻസ്പെക്ടർ ആശംസകൾ അറിയിക്കുകയും ചെയർപേഴ്സൺ അതിരപ്പള്ളി സിഡിഎസ് സ്വാഗതവും കുടുംബശ്രീ ജില്ലാ പ്രോഗ്രാം മാനേജർ ആദർശ് പി ദയാൽ നന്ദിയും അർപ്പിച്ചു.

കുടുംബശ്രീ മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ തദ്ദേശീയ യുവതി യുവാക്കൾക്ക് ഉപജീവന വികസനം സാധ്യമാക്കി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണ ഉറപ്പാക്കുക എന്നതാണ് കുടുംബശ്രീ ട്രേബെൽ എൻറർപ്രൈസസ് ആൻഡ് ഇന്നോവേഷൻ സെൻറർ വഴി ലക്ഷ്യമിടുന്നത്. തദ്ദേശീയ മേഖലയിലെ യുവതി യുവാക്കളെ ഒന്നിച്ചു ചേർക്കുന്നതിനും അവരെ വിവിധ തരത്തിലുള്ള സാമൂഹ്യ ഇടപടികളിലൂടെ കാര്യശേഷി വർദ്ധിപ്പിക്കുക എന്ന ആശയത്തിലാണ് തദ്ദേശ മേഖലയിലെ യുവതി യുവാക്കളുടെ യോഗം സംഘടിപ്പിച്ചത്. 40 ഓളം പേർ പങ്കെടുക്കുകയും അതിൽ 15 ഓളം പേർ സംരംഭങ്ങൾ തുടങ്ങാൻ താല്പര്യം പ്രകടിപ്പിച്ചു. ഡിഡിയു- ജീകൈവൈ ഐ ഇ സി ക്യാമ്പയിൻ കോഴ്സുകളെ ബോധവൽക്കരണവും കോഴ്സ് നോട്ടീസുകളും കൈമാറി.

നോർക്ക സൗജന്യ ബിസിനസ്സ് ക്ലിനിക് : ജില്ലയിലെ പ്രവാസിസംരംഭകർക്ക് ജനുവരി 10 വരെ രജിസ്റ്റർ ചെയ്യാം

തൃശ്ശൂർ : തൃശ്ശൂർ എറണാകുളം ജില്ലകളിലെ പ്രവാസി സംരംഭകർക്കായി നോർക്ക ബിസ്സിനസ് ഫെസിലിറ്റേഷൻ സെന്ററിന്റെ (എൻ.ബി.എഫ്.സി) ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സൗജന്യ ബിസിനസ്സ് ക്ലിനിക്കിൽ ഒഴിവുള്ള സീറ്റുകളിലേക്ക് ജനുവരി 10 വരെ അപേക്ഷ നൽകാം. ഇ-മെയിൽ/ഫോൺ മുഖാന്തിരം പേര് രജിസ്റ്റർ ചെയ്യുന്നതിന് 0471-2770534/8592958677 (പ്രവൃത്തി ദിനങ്ങളിൽ, ഓഫീസ് സമയത്ത്) നമ്പറിലോ nbfc.coordinator@gmail.com വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്.

പ്രവാസികൾക്കും, നാട്ടിൽ തിരിച്ചെത്തിയവർക്കും ബിസ്സിനസ്സ് സംരംഭങ്ങളോ സ്വയംതൊഴിലോ ആരംഭിക്കുന്നതിനും നിലവിലുള്ളവ വിപുലീകരിക്കുന്നതിനും ഇത് സഹായകരമാകും. ഉചിതമായ സംരംഭകപദ്ധതികൾ തെരഞ്ഞെടുക്കുന്നതിനും ബാങ്ക് വായ്പകളുടെ സാധ്യതകൾ, നോർക്ക റൂട്ട്സ് വഴി നൽകിവരുന്ന സേവനങ്ങൾ എന്നിവ സംബന്ധിച്ചും അവബോധം നൽകുന്നതിന് ലക്ഷ്യമിട്ടാണ് ബിസിനസ്സ് ക്ലിനിക്ക് സംഘടിപ്പിക്കുന്നത്. പ്രവാസി സംരംഭങ്ങൾ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം നോർക്ക സെന്ററിൽ പ്രവർത്തിക്കുന്ന ഏകജാലക സംവിധാനമാണ് എൻ.ബി.എഫ്.സി.

കൂടുതൽ വിവരങ്ങൾക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +91-8802012345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവ്വീസ്) ബന്ധപ്പെടാവുന്നതാണ്.

ജില്ലയിലെ അന്തിമവോട്ടർപട്ടിക പ്രസിദ്ധീകരിച്ചു; ജില്ലയിൽ ആകെ 26,74,625 വോട്ടർമാർ

തൃശൂർ: പത്യേക സംക്ഷിപ്ത വോട്ടർപട്ടിക പുതുക്കൽ 2025 ന്റെ ഭാഗമായി 2025 ജനുവരി 1 യോഗ്യതാ തീയതിയായ അന്തിമവോട്ടർപട്ടിക പ്രസിദ്ധീകരിച്ചു.

ജില്ലയിൽ 13 നിയമസഭാമണ്ഡലങ്ങളിലെ 2338 പോളിംഗ് സ്റ്റേഷനുകളിലായി ആകെ 26,74,625 വോട്ടർമാരാണ് ഉള്ളത്. ഇതിൽ 12,77,491 പുരുഷ വോട്ടർമാരും 13,97,098 സ്ത്രീ വോട്ടർമാരും 36 ട്രാൻസ്ജെൻഡർ വോട്ടർമാരും ഉൾപ്പെടുന്നു. 2024 വർഷത്തെ അന്തിമ പട്ടികയിലെ വോട്ടർമാരുടെ എണ്ണത്തെക്കാൾ 83,904 വോട്ടർമാരുടെ വർദ്ധനവ് ഈ വർഷം ഉണ്ടായിട്ടുണ്ട്. സമ്മതിദായകരുടെ സ്ത്രീ/ പുരുഷ അനുപാതം 1094. പുതുതലമുറ വോട്ടർമാർ 33,985 (18-19 വയസ്സ്) 26,881 ഭിന്നശേഷി വോട്ടർമാരും 4055 പ്രവാസി വോട്ടർമാരും 1660 സർവീസ് വോട്ടർമാരും പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്. കരട് വോട്ടർപട്ടികയിന്മേലുള്ള അവകാശങ്ങളും ആക്ഷേപങ്ങളും എല്ലാം തീർപ്പാക്കികൊണ്ടാണ് ജില്ലയിലെ 13 മണ്ഡലങ്ങളിലേയും അന്തിമവോട്ടർപട്ടിക തയ്യാറാക്കിയിട്ടുള്ളത്.

അന്തിമവോട്ടർപട്ടികയുടെ ജില്ലാതല പ്രസിദ്ധീകരണം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ ജില്ലാകളക്ടർ അർജുൻ പാണ്ഡ്യൻ ഒല്ലൂർ നിയോജക മണ്ഡലത്തിലെ 84-ാം നമ്പർ ബൂത്ത് ലെവൽ ഓഫീസർ സി.ജെ ബിനോയ്ക്ക് പട്ടിക കൈമാറിക്കൊണ്ട് നിർവ്വഹിച്ചു. വോട്ടർപട്ടിക ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടേയും അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടേയും വില്ലേജ് ഓഫീസർമാരുടേയും കാര്യാലയത്തിൽ പ്രസിദ്ധീകരിക്കും. പട്ടികയുടെ പ്രിന്റ് ചെയ്ത ഒരു കോപ്പിയും ഒരു ഡിജിറ്റൽ കോപ്പിയും അംഗീകൃത രാഷ്ട്രീയപാർട്ടികൾക്ക് സൗജന്യമായി ലഭ്യമാക്കും. ceo.kerala.gov.in എന്ന വെബ് സൈറ്റിലും പട്ടികയുടെ ഡിജിറ്റൽ രൂപം ലഭ്യമാകും.

സിദ്ധി കുളപ്പുറത്തിന്റെ 'എന്റെ നാട്' എന്ന കവിതാ സമാഹാരം പ്രകാശനം നടത്തി

ദേശമംഗലം : കവി സിദ്ധി കുളപ്പുറത്ത് രചിച്ച 'എന്റെ നാട്' എന്ന കവിതാ സമാഹാരം പള്ളത്ത് നടന്ന സമാദരണ സദസ്സിൽ വെച്ച് പ്രശസ്ത ഗാനരചയിതാവ് റഫീക്ക് അഹമ്മദ് സാമൂഹിക പ്രവർത്തകൻ കരീം പന്നിത്തടത്തിന് നൽകി പുസ്തകം പ്രകാശനം ചെയ്തു മുഹമ്മദുകുട്ടി മാസ്റ്റർ അദ്ധ്യക്ഷതവഹിച്ചു.

ഗീതാ ജോസഫ് പുസ്തകം പരിചയപ്പെടുത്തി. മുഹമ്മദാലി മുള്ളൂർക്കര ഉൽഘാടനം ചെയ്തു.

ഗിന്നസ് സത്താർ,ഷാജി പള്ളം, ബിപിൻ ആറങ്ങോട്ടുകര, ഹുസൈൻ തട്ടത്താഴത്ത് ടി.വി.എം. അലി, കെ.പി.ഉമ്മർ എന്നിവർ പ്രസംഗിച്ചു.

ജില്ലയിലെ ഉപഭോക്തൃ സംരക്ഷണ സമിതിയുടെ യോഗം ചേർന്നു

തൃശൂർ: ജില്ലയിലെ ഉപഭോക്തൃ സംരക്ഷണ സമിതിയുടെ പ്രഥമ യോഗം തൃശ്ശൂർ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു. എ.ഡി.എം ടി. മുരളിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എം. എൽ.എ സേവ്യർ ചിറ്റിലപ്പിള്ളി ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതിയുടെ പ്രാധാന്യത്തെക്കുറിച്ച് വിശദീകരിച്ചു. റേഷൻ വിതരണം സുഗമമാക്കുന്നതിനും, ഹോട്ടലുകളിലും, പച്ചക്കറി, മത്സ്യ, മാംസം തുടങ്ങിയ വിൽപ്പനശാലകളിലും മിതമായ വിലയും ഗുണമേന്മയും ഉറപ്പ് വരുത്തുന്നതിനുമുള്ള കർശന നടപടികൾ സ്വീകരിക്കുന്നതിന് യോഗം തീരുമാനിച്ചു.

ജില്ലാ സപ്ലൈ ഓഫീസർ പി.ആർ ജയചന്ദ്രൻ സ്വാഗതം ആശംസിച്ച യോഗത്തിൽ ഡെപ്യൂട്ടി കളക്ടർ (ആർ.ആർ), സപ്ലൈകോ അസിസ്റ്റന്റ് മാനേജർമാർ, ഡെപ്യൂട്ടി ലേബർ ഓഫീസർ, ഭക്ഷ്യസുരക്ഷ നോഡൽ ഓഫീസർ, ലീഗൽ മെട്രോളജി അസിസ്റ്റന്റ് കൺട്രോളർ, ഐ.ഒ.സി. അസിസ്റ്റന്റ് മാനേജർ, താലൂക്ക് സപ്ലൈ ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

ഉപഭോക്താക്കളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് സമൂഹത്തിലെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വി.എൻ നാരായണൻ, രാധാകൃഷ്ണ മേനോൻ, പ്രിൻസ് തെക്കൻ, വിൽസൻ പണ്ടാരവളപ്പിൽ, ജയിംസ് മുട്ടിക്കൽ, എ.ജെ. ജോർജ്ജ്, എം. കെ. ഉണ്ണികൃഷ്ണൻ, പി.ആർ രജിത് എന്നിവരും സന്നിഹിതരായിരുന്നു.

ക്വട്ടേഷൻ ക്ഷണിച്ചു

തൃശ്ശൂർ: മുനമ്പം ഫിഷിംഗ് ഹാർബറിൽ ഐസ്ക്രഷർ വെയ്ക്കുന്നതിന് (5 എണ്ണം) 2025 ഫിബ്രവരി 1 മുതൽ 2026 ജനുവരി 31 വരെ സ്ഥലം ഉപയോഗിക്കുന്നതിന് പ്രത്യേകം ആലേഖനം ചെയ്ത മുദ്രവെച്ച കവറുകളിൽ മത്സരസ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾക്കു പുറമേ പരസ്യലേലവും നടത്തുന്നതാണ്. വിശദ വിവരങ്ങൾക്കായി ഫോൺ: 0484 2967371.

കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ കമ്മിറ്റി നടപ്പിലാക്കിയ ഭദ്രം പ്ലസ് കുടുംബ സുരക്ഷാ പദ്ധതിയുടെ ഭാഗമായി അന്തരിച്ച പുല്ലൂർ-അവിട്ടത്തൂർ-തൊമ്മന യൂണിറ്റിലെ സാജൻ ലൂവിസിന്റെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ നിയോജക മണ്ഡലം പ്രസിഡന്റ് എബിൻ വെള്ളാനിക്കാരൻ കൈമാറുന്നു.

ഭദ്രം പ്ലസ് കുടുംബ സുരക്ഷാ: തുക കൈമാറി

പുല്ലൂർ ; കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ജില്ലാ കമ്മിറ്റി നടപ്പിലാക്കിയ ഭദ്രം പ്ലസ് കുടുംബ സുരക്ഷാ പദ്ധതിയുടെ ഭാഗമായി അന്തരിച്ച പുല്ലൂർ-അവിട്ടത്തൂർ-തൊമ്മന യൂണിറ്റിലെ സാജൻ ലൂവിസിന്റെ കുടുംബത്തിന് അഞ്ച് ലക്ഷം രൂപ നിയോജക മണ്ഡലം പ്രസിഡന്റ് എബിൻ വെള്ളാനിക്കാരൻ കൈമാറി. യൂണിറ്റ് പ്രസിഡന്റ് ബൈജു മുക്കുളം അധ്യക്ഷത വഹിച്ചു. ഭാരവാഹികളായ ബെന്നി അമ്പഴക്കാടൻ, ഷാജി ആലപ്പാട്ട് എന്നിവർ പ്രസംഗിച്ചു.

ന്യൂനപക്ഷ കമ്മീഷൻ സിറ്റിങ്: 6 കേസുകൾ പരിഗണിച്ചു

തൃശൂർ: കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ തൃശ്ശൂർ ജില്ലാ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സിറ്റിങ്ങ് നടത്തി. പരിഗണയ്ക്കുവന്ന ആറു കേസുകളിൽ ഒന്നിൽ കടവല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് വസ്തുനിഷ്ഠമായ റിപ്പോർട്ട് സമർപ്പിക്കാൻ കമ്മിഷൻ ആവശ്യപ്പെട്ടു. ആറു കേസുകളും അടുത്ത സിറ്റിങ്ങിൽ പരിഗണിക്കാൻ മാറ്റിവച്ചു. പുതിയ ഒരു കേസ് കമ്മിഷൻ നേരിട്ട് സ്വീകരിച്ചു.

ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളേജിന്റെ ആഭിമുഖ്യത്തിൽ പി എൽ ഔസെപ്പ് മെമ്മോറിയൽ ഒന്നാമത് ഇന്റർ കോളേജിയേറ്റ് & ഹയർ സെക്കണ്ടറി ടീച്ചേഴ്സ് & സ്റ്റാഫ് ഫൈവ്സ് ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ചു.

കേരളത്തിലെ പ്രമുഖരായ കോളേജുകളും സ്കൂളുകളും ടൂർണമെന്റിൽ പങ്കെടുത്തു. ഇരിഞ്ഞാലക്കുട പോലീസ് സർക്കിൾ ഇൻസ്പെക്ടർ അനീഷ് കരീം ടൂർണമെന്റ് ഉത്ഘാടനം ചെയ്തു. ടൂർണമെന്റ് ടൈറ്റിൽ സ്പോൺസർ പി ജെ ഡേവീസ് പരിപാടിയിൽ മുഖ്യഥിതി ആയിരുന്നു. ആവേശകരമായ ഫൈനൽ മത്സരത്തിൽ ക്രൈസ്റ്റ് കോളേജ് ഇരിങ്ങാലക്കുട ജേതാക്കളായി. ഫാറൂഖ് കോളേജ് കോഴിക്കോട് ടൂർണമെന്റിൽ രണ്ടാം സ്ഥാനം നേടി.സെന്റ് ജോസഫ്സ് കോളേജ് കായിക വിഭാഗം മേധാവി Dr. സ്റ്റഫിൻ റാഫേൽ സമ്മാനദാന ചടങ്ങിന് അധ്യക്ഷത വഹിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോക്ടർ സിസ്റ്റർ ബ്ലെസി വിജയികൾക്കുള്ള ട്രോഫിയും ക്യാഷ് പ്രൈസും നൽകി. തുഷാര ഫിലിപ്പ് വിഷ്ണു, ബിന്റു കല്യാൺ, അസീസ് എന്നിവർ പ്രസംഗിച്ചു.

പാർട്ടൈം ഹിന്ദി ലക്ചറർ നിയമനം

തൃശ്ശൂർ: തൃശൂർ ഗവ. വനിതാ പോളിടെക്നിക് കോളേജിൽ പാർട്ട്ടൈം ഹിന്ദി ലക്ചറർ (ഡി.സി.പി വിഭാഗത്തിലേയ്ക്ക്) തസ്തികയിൽ നിയമനം നടത്തുന്നു.

യോഗ്യത ബിരുദാനന്തര ബിരുദം. ഉദ്യോഗാർത്ഥികൾ പ്രവർത്തി പരിചയം, യോഗ്യത, വയസ്സ് എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സൽ സഹിതം ജനുവരി 8 ന് രാവിലെ 10 ന് കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം.

ടെണ്ടർ ക്ഷണിച്ചു

തൃശ്ശൂർ: സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി തളിക്കുളം ഗവ. ഹയർസെക്കണ്ടറി സ്കൂളിലേക്ക് ബേക്കറി സർവ്വീസ് ടെക്നീഷ്യൻ കോഴ്സിന് ആവശ്യമായ ഉപകരണങ്ങളും വസ്തുക്കളും വാങ്ങുന്നതിന് അംഗീകാരമുള്ള ഏജൻസികളിൽ നിന്നും വ്യക്തികളിൽ നിന്നും ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ ജനുവരി 13 നകം ലഭിക്കണം.

ഗതാഗത നിയന്ത്രണം

തൃശൂർ: പുല്ലാനിക്കാട് - മംഗലം - പനങ്ങാട്ടുകര റോഡിൽ കലുങ്കുകളുടെ നിർമ്മാണ പ്രവൃത്തികൾ ഇന്ന് (ജനുവരി 7) മുതൽ ആരംഭിക്കുന്നതിനാൽ പുന്നംപറമ്പ് മുതൽ വടക്കാഞ്ചേരി പള്ളി വരെയുള്ള റോഡിൽ ഭാരവാഹനങ്ങൾക്ക് പൂർണ്ണമായും ബൈക്ക്, കാർ തുടങ്ങിയ ചെറിയ വാഹനങ്ങൾക്ക് ഭാഗികമായും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ഗതാഗതം തടസ്സപ്പെടുന്നതായിരിക്കുമെന്ന് വടക്കാഞ്ചേരി പൊതുമരാമത്ത് നിരത്തുകൾ വിഭാഗം അസി. എഞ്ചിനീയർ അറിയിച്ചു. വടക്കാഞ്ചേരിയിൽ നിന്നും പുന്നംപറമ്പ്, ഭാഗത്തേക്കുള്ള ഭാര വാഹനങ്ങൾ ഓട്ടുപ്പാറ - വാഴാനി റോഡ് വഴിയും പുന്നംപറമ്പിൽ നിന്നും വടക്കാഞ